'ഭരണഭാഷ മാതൃഭാഷ'

ഗവഃ മെഡിക്കൽ കോളേജ്, കണ്ണൂർ
പരിയാരം, കണ്ണൂർ,കേരള -670503
ഇ - മെയിൽ :principal@mcpariyaram.com
'പ്രിൻസിപ്പാളുടെ കാര്യാലയം'
ഫോൺ: 0497 -2808111

No.A6/13282-11/2023/GMCKNR തീയ്യതി 07.10.2026

## ക്വട്ടേഷൻ നോട്ടീസ്

കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിൽ പുതുതായി ഡ്രഗ് സ്റ്റോർ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ നിലവിലുള്ള **OLD WARD 2** പൊളിച്ചു മാറ്റി നീക്കം ചെയ്യുന്നതിന് സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. 2026 ഒക്ടോബർ 22 ഉച്ചക്ക് 3.00 pm മണിക്ക് മുമ്പായി ക്വട്ടേഷനുകൾ സമർപ്പിക്കാവുന്നതാണ് . മതിപ്പ് വിലയുടെ 5 ശതമാനം നിരത ദ്രവ്യമായി ക്വട്ടേഷനോടൊപ്പം പ്രിൻസിപ്പാൾ , ഗവൺമെന്റ് മെഡിക്കൽ കോളേജ് , കണ്ണൂർ എന്ന വിലാസത്തിൽ ഡിമാൻഡ് ഡ്രാഫ്റ്റായി സമർപ്പിക്കണം . ക്വട്ടേഷനുകൾ 2026, 22 ഒക്ടോബർ 4 PM-മണിക്ക് തുറക്കുന്നതായിരിക്കും . അർഹമായവർക്ക് പ്രവൃത്തി കൈമാറുന്നതുമാണ് .

**നിബന്ധനകൾ :**

1. മതിപ്പ് വിലയും 18 ശതമാനം GST യും 2026 ഒക്ടോബർ .22...നകം ട്രഷറിയിൽ ഒടുക്കി ഒറിജിനൽ ചലാൻ ഹാജരാക്കേണ്ടതാണ് .

2.പ്രിൻസിപ്പാൾ ഗവണ്മെന്റ് മെഡിക്കൽ കോളേജ് , കണ്ണൂർ എന്ന പേരിൽ 200 രൂപയുടെ മുദ്രപത്രം സമർപ്പിക്കേണ്ടതും കരാറിൽ ഏർപ്പെടേണ്ടതുമാണ് .

3.ലേലം ഏറ്റെടുക്കുന്ന ആളുടെയും രണ്ടാമതായി ഉയർന്ന നിരക്ക് കാണിച്ചവരുടെയും ഒഴികെയുള്ളവരുടെ കെട്ടിവച്ച നിരതദ്രവ്യം ലേല പ്രക്രിയ പൂർത്തിയാകുന്ന മുറക്ക് തിരിച്ചു നൽകുന്നതാണ്.

4. ലേലത്തിൽ പങ്കെടുക്കുന്നവർ അവരെ തിരിച്ചറിയുന്നതിന് ബന്ധപ്പെട്ട വില്ലേജ് ഓഫീസർ നൽകിയ സർട്ടിഫിക്കറ്റ്,തിരഞ്ഞെടുപ്പ് കമ്മീഷണർ നൽകിയ ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ്, പാൻകാർഡ്, AADHAR CARD ഇന്ത്യൻ പാസ്പോർട്ട് മറ്റ് നിയമാനുസൃത തിരിച്ചറിയൽ രേഖകൾ എന്നിവയിൽ ഏതെങ്കിലും ഒന്ന് ഹാജരാക്കണം.

5.ലേലം ആരുടെ പേരിൽ ഉറപ്പിക്കുന്നുവോ അയാൾ പ്രിൻസിപ്പലിന്റെ ഉത്തരവ് കിട്ടി -- ദിവസത്തിനകം പൊളിച്ച് മാറ്റിയ ഇനങ്ങളും ഇതര അവശിഷ്ടങ്ങളും നീക്കം ചെയ്ത് സ്ഥലം വൃത്തിയാക്കി മെഡിക്കൽ കോളേജിന് കൈമാറേണ്ടതാണ് . ഇതിൽ ഉപേക്ഷ വരുത്തുന്ന പക്ഷം ഒരു ദിവസം 1000/- രൂപ നിരക്കിൽ പിഴ അടക്കേണ്ടതാണ്. കൂടാതെ പിഴ അടക്കുന്നതിനുള്ള കാലാവധി 15 ദിവസം മാത്രമായിരിക്കും. അതിനു ശേഷവും പണി പൂർത്തീകരിച്ചില്ലെങ്കിൽ ലേലം റദ്ദ് ചെയ്യുകയും പുനർ ലേലം ചെയ്യുന്നതുമാണ്. ലേലം റദ്ദ് ചെയ്യുന്ന പക്ഷം അടച്ച തുക തിരിച്ചു നൽകുന്നതല്ല.

6. യാതൊരു കാരണവും കൂടാതെ ലേലം അസ്ഥിരപ്പെടുത്തുന്നതിനും മുൻകൂർ അറിയിപ്പില്ലാതെ തന്നെ ലേലം നിർത്തിവെക്കുന്നതിനും പ്രിൻസിപ്പലിന് അധികാരമുണ്ടായിരിക്കും.

7. മെഡിക്കൽ കോളേജ് ജീവനക്കാർ ലേലത്തിൽ പങ്കെടുക്കാൻ പാടുള്ളതല്ല.

8. ലേല വസ്തുക്കൾ നീക്കം ചെയ്യുമ്പോൾ കെട്ടിടങ്ങൾക്കോ വസ്തുവകകൾക്കോ എന്തെങ്കിലും കേടുപാടുകൾ സംഭവിച്ചാൽ അതിനുള്ള നഷ്ടപരിഹാരം ലേലം കൊണ്ട ആളിൽ നിന്നും ഈടാക്കുന്നതായിരിക്കും.

9. ലേല വസ്തുക്കൾ നീക്കം ചെയ്യുമ്പോൾ ഏതെങ്കിലും തരത്തിലുള്ള അപകടമോ അത്യാഹിതമോ സംഭവിച്ചാൽ അതിന്റെ ഉത്തരവാദി ലേലം കൊണ്ട വ്യക്തി മാത്രമായിരിക്കും.

10. ലേലം കൊണ്ട വ്യക്തിക്കുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് പ്രിൻസിപ്പളോ സർക്കാരോ ഉത്തരവാദി ആയിരിക്കുന്നതല്ല.

പ്രിൻസിപ്പാൾ

പകർപ്പ്: 1.അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,ജിഎംസി കെ എൻ ആർ
2.അസിസ്റ്റന്റ് എഞ്ചിനീയർ, PWD Building Section
3.നോട്ടീസ് ബോർഡുകൾ, GMCK/GDCK/GNCK/GMCHK
4.കടന്നപ്പള്ളി പാണപ്പുഴ ഗ്രാമ പഞ്ചായത്ത്
5. Website
6. സെക്യൂരിറ്റി ഓഫീസർ
7.സ്റ്റോക്ക് ഫയൽ